# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 548 — 27.02.2018- ൽ മറുപടിയ്ക്ക്

## സഹകരണബാങ്കുകളുടെ കിട്ടാക്കടം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ. എം. ഉമ്മർ<br>ശ്രീ. പാറക്കൽ അബ്ദുല്ല<br>ശ്രീ. പി. കെ. ബഷീർ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ വിവിധ സഹകരണ ബാങ്കുകളുടെ കിട്ടാക്കടം എത്ര ശതമാനമാണെന്ന് കണക്കാക്കിയിട്ടുണ്ടോ; | (എ) സംസ്ഥാനത്തെ വിവിധ സഹകരണ ബാങ്കുകളുടെ കിട്ടാക്കടം 18.25% ആണ്. |
| (ബി) സഹകരണബാങ്കുകളുടെ കിട്ടാക്കടം തിരിച്ചുപിടിക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (ബി) ഉണ്ട്. സഹകരണ ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുന്നതിനും, കിട്ടാക്കടം തിരിച്ചുപിടിക്കുന്നതിനുമായി "നവകേരളീയം കുടിശ്ശിക നിവാരണം - 2018" പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതിയുടെ കാലാവധി ഫെബ്രുവരി 15 മുതൽ മാർച്ച് 25 വരെ ആണ്. കിട്ടാക്കടവും കുടിശ്ശികയായതുമായ വായ്പകൾ വിവിധ ഇളവുകളോടെ സഹകാരികൾക്ക് തീർപ്പാക്കാവുന്നതാണ്. കിട്ടാക്കടം തിരിച്ചു പിടിക്കുന്നതിനും, കുടിശ്ശിക കുറയ്ക്കുന്നതിനുമായി ജില്ലാ സഹകരണ ബാങ്കുകളും, സംസ്ഥാന സഹകരണ ബാങ്കും കുടിശ്ശിക നിവാരണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ